പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6013** 04-11-2016 -ൽ മറുപടിക്ക്

ആസന്നമായ കടുത്ത വരൾച്ച

	ചോദ്യം		മറുപടി
	ശ്രീ.പി.കെ.ശശി		**ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)**
എ)	നടപ്പുവർഷം മഴക്കുറവുമൂലം ഭൂഗർഭജല ലഭ്യതകുറയുവാനും ജലസംഭരണികളിലെ ജലനിരപ്പ് കുറയുവാനും, കൃഷിനാശം സംഭവിക്കാനുമുള്ള സാധ്യത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;	എ)	ഉണ്ട്.
ബി)	ഉണ്ടെങ്കിൽ ഈ സർക്കാർ കാലയളവിൽ വിവിധ ജില്ലകളിലെ ഓരോമാസവുമുള്ള മഴക്കുറവ്, ഭൂഗർഭജലക്കുറവ് എന്നിവ സംബന്ധിച്ച് അന്തരീക്ഷ വിജ്ഞാപന കേന്ദ്രത്തിന്റേയും റവന്യൂവകുപ്പിന്റേയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;	ബി)	മഴയുടെ അളവുകൾ ആധികാരികമായി നിരീക്ഷിക്കുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്. റവന്യൂ വകുപ്പ് പ്രത്യേകമായി മഴ നിരീക്ഷിക്കുന്നില്ല. ഭൂജല വകുപ്പിൽ നിന്നുമാണ് ഭൂജലത്തിന്റെ അളവുകൾ ലഭിക്കുന്നത്. ഭൂജല വകുപ്പ് എല്ലാ ജില്ലകളിലും നിരീക്ഷണ കിണറുകളിൽ നിന്ന് എടുക്കുന്ന അളവുകൾ ഉപയോഗിച്ച് ജില്ലാ തലത്തിൽ സംഗ്രഹിച്ച വിവരമാണ് നൽകിയിട്ടുള്ളത്. ഇത് ഒരു സൂചികയായി മാത്രം ഉപയോഗിക്കുവാൻ ഉതകുന്നതാണ്. വരൾച്ച അപഗ്രഥനത്തിനായി ഓരോ നിരീക്ഷണ കിണറുകളിലെയും അളവുകൾ പ്രത്യേകമായി ആണ് ഉപയോഗിക്കുന്നത്. ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു.
സി)	മഴക്കുറവുമൂലം (കാലാവസ്ഥവ്യതിയാന മുൾപ്പെടെ) ഉണ്ടാകുന്ന കൃഷിനാശം, കുടിവെള്ളക്ഷാമം, കടുത്ത വരൾച്ച എന്നിവ മുൻകൂട്ടി കണ്ട് ഇതു സംബന്ധിച്ച ഒരു സമഗ്ര പഠനം നടത്തുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;	സി)	മഴക്കുറവ് എന്നത് കാലാവസ്ഥയുടെ സ്വാഭാവികമായ ചാക്രിക ക്രമത്തിന്റെ ഭാഗമാണ്. എന്നാൽ വരൾച്ചാ തീവ്രത വർദ്ധിക്കുന്നതിൽ കാലാവസ്ഥാ വ്യതിയാനത്തിനും മാനുഷിക ഇടപെടലിനും പങ്കുണ്ടാകാം എന്ന ശാസ്ത്രീയ നിഗമനങ്ങൾ നിലവിൽ ഉണ്ട്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും അതിജീവന മാർഗങ്ങളും സംബന്ധിച്ച് സമഗ്ര പഠനം നടത്തുവാൻ കോട്ടയം ആസ്ഥാനമായി കാലാവസ്ഥാ പഠന കേന്ദ്രം, പരിസ്ഥിതി വകുപ്പിന് കീഴിൽ സ്ഥാപിച്ചിട്ടുണ്ട്.
ഡി)	50 ശതമാനത്തിലധികം മഴക്കുറവുള്ള ജില്ലകളുണ്ടെങ്കിൽ പ്രസ്തുത ജില്ലകളെ വരൾച്ചാ ബാധിത ജില്ലയായി പ്രഖ്യാപിച്ച് വേണ്ട സഹായങ്ങളും, കുളങ്ങൾ/തോടുകൾ തുടങ്ങി മറ്റുജലസ്രോതസ്സുകളെയും സംരക്ഷിക്കാൻ എല്ലാവകുപ്പുകളേയും സംയോജിപ്പിച്ചു കൊണ്ട് റവന്യൂ വകുപ്പ് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?	ഡി)	28.10.2016-ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിരുന്നു. അതു പ്രകാരം കേരളത്തിലെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. വരൾച്ച പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾക്കായി 26-ഇന നിർദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അത്പ്രകാരം വിവിധ വകുപ്പുകൾ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

			ജല ഉപയോഗം, ജല മലിനീകരണം തടയൽ, ജല പുനർവിനിയോഗം എന്നിവയെക്കുറിച്ചും ജലം ഉപയോഗിക്കുന്നതിനുള്ള മുൻഗണനാ ക്രമം, ജല സംരക്ഷണത്തിന്റെ ആവശ്യകത എന്നിവ സംബന്ധിച്ചും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. ഇതിനായി പൊതു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ശുദ്ധ ജല കിയോസ്കുകൾ സ്ഥാപിക്കൽ, വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കൽ, കനാലുകൾ വൃത്തിയാക്കൽ, കുളങ്ങൾ തുടങ്ങിയ സ്ഥിരം ശുദ്ധ ജല സ്രോതസുകൾ വൃത്തിയാക്കി സൂക്ഷിക്കൽ എന്നിവയ്ക്ക് സ്വീകരിക്കേണ്ട നടപടികൾ, സൂര്യാഘാതം, താപാഘാതം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും വരൾച്ചാ പ്രതിരോധ- പ്രതികരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

WINTER RAINFALL 2016 METEOROLOGICAL CENTRE THIRUVANANTHAPURAM 1st JANUARY 2016 TO 29th FEBRUARY 20161st JANUARY 2016 TO 29th FEBRUARY 2016				
SUB DIVISION /DISTRICTS	Actual Rainfall (mm)	Normal Rainfall (mm)	Percentage (%) Percentage Departure (%)	Departure
KERALA	19.2	24.4	-21	DEFICIENT DEFICIENT
LAKSHADWEEP	71.7	35.5	102	LARGE EXCESS LARGE EXCESS
ALAPPUZHA	58.1	45.4	28	EXCESS
KANNUR	0	4.5	-100	NO RAIN
ERNAKULAM	91.8	32	187	LARGE EXCESS
IDUKKI	10.2	35.5	-71	LARGE DEFICIENT
KASARAGOD	3.4	3.3	2	NORMAL
KOLLAM	51.3	51.2	-	NORMAL
KOTTAYAM	54.8	37.9	45	EXCESS
KOZHIKODE	0	6.2	-100	NO RAIN
MALAPPURAM	1.8	5.6	-67	LARGE DEFICIENT
PALAKKAD	0.2	9.4	-98	LARGE DEFICIENT
PATHANAMTHITTA	5.1	65	-92	LARGE DEFICIENT
THIRUVANANTHAPURAM	6.9	40.4	-83	LARGE DEFICIENT
THRISSUR	14.9	10.9	36	EXCESS
WAYANAD	3.3	13.1	-75	LARGE DEFICIENT

PRE-MONSOON RAINFALL 2016

METEOROLOGICAL CENTRE THIRUVANANTHAPURAM

1ST MARCH 2016 TO 31ST MAY 20161ST MARCH 2016 TO 31ST MAY 2016

SUB DIVISION /DISTRICTS	Actual Rainfall (mm)	Normal Rainfall (mm)	Percentage Departure (%)	
KERALA	313	379.9	-18	NORMAL
LAKSHADWEEP	88.6	232.4	-62	LARGE DEFICIENT
ALAPPUZHA	367	477.8	-23	DEFICIENT
KANNUR	140.2	300.5	-53	DEFICIENT
ERNAKULAM	369.6	443.6	-17	NORMAL
IDUKKI	358	426.6	-16	NORMAL
KASARAGOD	138.4	272.9	-49	DEFICIENT
KOLLAM	503.8	469.6	7	NORMAL
KOTTAYAM	446.2	460.2	-3	NORMAL
KOZHIKODE	295.7	352.6	-16	NORMAL
MALAPPURAM	160.9	320.8	-50	DEFICIENT
PALAKKAD	177.5	279.9	-37	DEFICIENT
PATHANAMTHITTA	611.6	553.5	10	NORMAL
THIRUVANANTHAPURAM	506.1	368.8	37	EXCESS
THRISSUR	300.8	385.3	-22	DEFICIENT
WYNAD	145.3	275.4	-47	DEFICIENT

SOUTHWEST MONSOON RAINFALL 2016

METEOROLOGICAL CENTRE THIRUVANANTHAPURAM

1ST JUNE 2016 TO 30TH SEPTEMBER 20161ST JUNE 2016 TO 30TH SEPTEMBER 2016

SUB DIVISION /DISTRICTS	Actual Rainfall (mm)	Normal Rainfall (mm)	Percentage Departure (%)	
KERALA	1352.3	2039.7	-34	DEFICIENT
LAKSHADWEEP	745.4	998.5	-25	DEFICIENT
ALAPPUZHA	1135.3	1745.9	-35	DEFICIENT
KANNUR	1991	2669	-25	DEFICIENT
ERNAKULAM	1569.4	2065	-24	DEFICIENT
IDUKKI	1569.5	2276.2	-31	DEFICIENT
KASARAGOD	2252.9	3007.5	-25	DEFICIENT
KOLLAM	950.8	1332.3	-29	DEFICIENT
KOTTAYAM	1330.7	1897.3	-30	DEFICIENT
KOZHIKODE	1888.1	2603.1	-27	DEFICIENT
MALAPPURAM	1252.9	2060.4	-39	DEFICIENT
PALAKKAD	1034.9	1572.7	-34	DEFICIENT
PATHANAMTHITTA	1091.4	1715.7	-36	DEFICIENT
THIRUVANANTHAPURAM	572.4	871.3	-34	DEFICIENT
THRISSUR	1219.6	2197.5	-44	DEFICIENT
WAYANAD	1073.8	2632.1	-59	DEFICIENT

SEASON'S RAINFALL 2016

METEOROLOGICAL CENTRE THIRUVANANTHAPURAM

1

SUB DIVISION /DISTRICTS	Actual Rainfall (mm)	Normal Rainfall (mm)	Percentage Departure (%)	
KERALA	**77.9**	**248.2**	**-69**	**LARGE DEFICIENT**
LAKSHADWEEP	**58.3**	**128.5**	**-55**	**DEFICIENT**
ALAPPUZHA	102.1	280.5	-64	LARGE DEFICIENT
KANNUR	42.9	195.7	-78	LARGE DEFICIENT
ERNAKULAM	116.1	249.9	-54	DEFICIENT
IDUKKI	102.4	301	-66	LARGE DEFICIENT
KASARAGOD	23.4	200.3	-88	LARGE DEFICIENT
KOLLAM	139	302.2	-54	DEFICIENT
KOTTAYAM	113.8	267.7	-57	DEFICIENT
KOZHIKODE	30.7	220.5	-86	LARGE DEFICIENT
MALAPPURAM	69.2	246.9	-72	LARGE DEFICIENT
PALAKKAD	49.4	219.8	-78	LARGE DEFICIENT
PATHANAMTHITTA	163	303.9	-46	DEFICIENT
THIRUVANANTHAPURAM	32.3	229.7	-86	LARGE DEFICIENT
THRISSUR	54.1	250	-78	LARGE DEFICIENT
WAYANAD	48.4	185	-74	LARGE DEFICIENT